# Malayala Manorama
# 30 August 2018
# Kakkand; After Flood, Back to work

# പ്രളയം കടന്ന് ജീവനക്കാർ ഓഫിസുകളിലേക്ക്

- ദുരന്ത നിവാരണ വിഭാഗം ഡപ്യൂട്ടി കലക്ടർ പി.ഡി. ഷീലാദേവി ഉൾപ്പെടെ പല ഉദ്യോഗസ്ഥരും രക്ഷാപ്രവർത്തനത്തിനിറങ്ങിയതു സ്വന്തം വീടുകളിലെ വെള്ളം അവഗണിച്ച്

കാക്കനാട് • യുദ്ധമുഖത്തുനിന്നു തിരിച്ചെത്തിയ പ്രതീതിയായിരുന്നു പലരുടെയും മുഖങ്ങളിൽ. പലർക്കും ഒട്ടേറെ അനുഭവങ്ങൾ പങ്കുവയ്ക്കാനുണ്ടായിരുന്നു. പ്രളയ കാലം കടന്ന് ഇന്നലെ ഓഫിസുകളിൽ തിരിച്ചെത്തിയ സർക്കാർ ജീവനക്കാർ ദുരന്ത മേഖലയിൽ കണ്ടതും കേട്ടതുമായ ദുരിതാനുഭവങ്ങൾ പരസ്പരം പകർന്നു നൽകി.

അവധിയില്ലാതെ വിവിധ ഇടങ്ങളിൽ രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ജീവനക്കാരിൽ ഭൂരിഭാഗവും ഇന്നലെ മടങ്ങിയെത്തിയതോടെ ഓഫിസുകൾ സജീവമായി. രക്ഷാപ്രവർത്തന വേളയിൽ പൂർണ സമയവും ഉണ്ടായ ഉദ്യോഗസ്ഥരിൽ പലരുടെയും വീടുകൾ വെള്ളത്തിനടിയിലായിരുന്നുവെന്നു സഹപ്രവർത്തകർ അറിയുന്നതും ഇന്നലെയാണ്.

സ്വന്തം വീടിന്റെ ഒരുനില പൂർണമായും വെള്ളത്തിനടിയിലായിട്ടും അവിടേക്കു നോക്കാതെ മുഴുവൻ ദിവസവും ദുരിത മേഖലയിൽ പ്രവർത്തിച്ച ദുരന്ത നിവാരണ വിഭാഗം ഡപ്യൂട്ടി കലക്ടർ പി.ഡി. ഷീലാദേവി ഇപ്പോൾ താൽക്കാലിക വീട്ടിലാണു താമസം.

പകലും രാത്രിയും ഷീലാദേവി കൺട്രോൾ റൂമിലും ദുരന്ത മേഖലയിലുമായിരുന്നതിനാൽ ഭർത്താവ് മുൻ ലീഡ് ബാങ്ക് മാനേജർ ടി.പി. നാരായണനു വെള്ളം കയറാത്ത മുകൾ നിലയിൽ രണ്ടു ദിവസം തനിച്ചു കഴിയേണ്ടി വന്നു. പിന്നീടാണു കാക്കനാട്ട് താൽക്കാലിക വീടു സംഘടിപ്പിച്ചു താമസം മാറ്റിയത്. തിരക്കൊഴിഞ്ഞിട്ടു വേണം വെള്ളമിറങ്ങിയ വീടു വൃത്തിയാക്കാനെന്നു ഷീല പറഞ്ഞു. കലക്ടറേറ്റ് കൺട്രോൾ റൂമിലെ ഹസാർഡ് അനലിസ്റ്റ് അഞ്ജലി പരമേശ്വരനും വെള്ളത്തിൽ മുങ്ങിയ വീടു ശ്രദ്ധിക്കാതെയാണു ദുരന്ത മേഖലയിൽ പ്രവർത്തിച്ചത്. കലക്ടറേറ്റ് ദുരന്ത നിവാരണ വിഭാഗം സൂപ്രണ്ട് നൂറുള്ളഖാൻ, ജീവനക്കാരായ ജെയ് ജേക്കബ്, വിനുരാജ് തുടങ്ങിയവരൊക്കെ സ്വന്തം വീട്ടിലേക്കു വെള്ളം കയറുന്നതു കണ്ടിട്ടും അവഗണിച്ചു ദുരന്ത മുഖത്തു സേവനത്തിനെത്തിയവരാണ്. റവന്യു, തദ്ദേശ ഭരണം, ആരോഗ്യ വകുപ്പുകളുടേതൊഴികെ മറ്റു ഓഫിസുകളിൽ പലതും ഇന്നലെ മുതൽ പതിവു പ്രവർത്തനത്തിലായി. ദുരിതാശ്വാസ ക്യാംപുകളിലും ശുചീകരണ ദൗത്യത്തിലും സൗജന്യ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും ഏർപ്പെട്ട ജീവനക്കാർ കൂടി മടങ്ങിയെത്താനുണ്ട്.



ദുരന്ത നിവാരണ വിഭാഗം ഡപ്യൂട്ടി കലക്ടർ പി.ഡി. ഷീലാ ദേവി കലക്ടറേറ്റിൽ സഹപ്രവർത്തകർക്കൊപ്പം. ജൂനിയർ സൂപ്രണ്ട് നൂറുള്ളഖാൻ, ക്ലാർക്ക് വിനുരാജ് എന്നിവരെയും കലക്ടറേറ്റ് സ്റ്റാഫ് കൗൺസിൽ പ്രസിഡന്റ് ശരത് ഗോപിയെയും കാണാം.